**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 22.01.2026

## 2026 ൽ കൈക്കൂലിക്കാർക്കെതിരെ വിജിലൻസിന്റെ ‘ഡബിൾ ഹിറ്റ്’ തുടക്കം:- പോക്കുവരവ് ചെയ്ത് നൽകുന്നതിന് കൈക്കൂലി വാങ്ങിയ വില്ലേജ് ഓഫീസറും, ലേബർ ലൈസൻസ് പുതുക്കി നൽകുന്നതിന് കൈക്കൂലി വാങ്ങിയ ലേബർ ഓഫീസിലെ സീനിയർ ക്ലർക്കും ഇന്ന് വിജിലൻസ് പിടിയിൽ.

പരാതിക്കാരന്റെ മരണപ്പെട്ടുപോയ സഹോദരീഭർത്താവിന്റെ പേരിൽ ഉണ്ടായിരുന്ന വസ്തു, പിൻതുടർച്ചാവകാശ പോക്കുവരവ് ചെയ്ത് നൽകുന്നതിന് 2,000/- രൂപ കൈക്കൂലി വാങ്ങിയ കോട്ടയം ഇളംങ്ങുളം വില്ലേജ് ഓഫീസറും കാഞ്ഞിരപ്പള്ളി സ്വദേശിയുമായ വിഷ്ണു ഒ.എൻ.എസ് നെയും അങ്കമാലിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനത്തിന്റെ ലേബർ ലൈസൻസ് പുതുക്കി നൽകുന്നതിന് 1,500/- രൂപ കൈക്കൂലി വാങ്ങിയ അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസിലെ സീനിയർ ക്ലർക്കും പുത്തൻകുരിശ് സ്വദേശിയുമായ സുരാജ് നാരായണനെയും വിജിലൻസ് ഇന്ന് (22.01.2026) കൈയ്യോടെ പിടികൂടി.

കോട്ടയം ചിറ്റാടി സ്വദേശിയായ പരാതിക്കാരന്റെ മരണപ്പെട്ട സഹോദരീഭർത്താവിന്റെ പേരിൽ കോട്ടയം ഇളംങ്ങുളം വില്ലേജിലുള്ള വസ്തു, പിൻതുടർച്ചാവകാശ പോക്കുവരവ് ചെയ്ത് പരാതിക്കാരന്റെ സഹോദരിയുടെ പേരിലാക്കി ലഭിക്കുന്നതിന് ഇളംങ്ങുളം വില്ലേജ് ഓഫീസിൽ 2025 ജൂലൈ മാസം പരാതിക്കാരന്റെ സഹോദരി ഒരു അപേക്ഷ നൽകിയിരുന്നു. പോക്കുവരവ് ചെയ്യുന്നതിന് ആവശ്യമായ രേഖകൾ വില്ലേജ് ഓഫീസിൽ വാങ്ങുകയും അയൽവാസികളുടെ മൊഴികൾ രേഖപ്പെടുത്തുകയും ചെയ്തതല്ലാതെ തുടർ നടപടികളൊന്നും വില്ലേജ് ഓഫീസർ വിഷണു സ്വീകരിച്ചിരുന്നില്ല. തുടർന്ന് പല പ്രാവശ്യം വില്ലേജ് ഓഫീസറെ നേരിൽ കണ്ട് സംസാരിച്ചുവെങ്കിലും അപേക്ഷയിൽ ഒരു നടപടിയും ഉണ്ടായില്ല. തുടർന്ന് സ്പെഷ്യൽ വില്ലേജ് ഓഫീസറായി താൽക്കാലികമായി വന്ന ഉദ്യോഗസ്ഥൻ ഫയലിലെ നടപടികൾ പൂർത്തീകരിച്ച് ഉത്തരവിനായി ഫയൽ വില്ലേജ് ഓഫീസർക്ക് കൈമാറിയെങ്കിലും, വില്ലേജ് ഓഫീസർ വീണ്ടും ഫയലിൽ നടപടി സ്വീകരിക്കാതെ പിടിച്ചുവച്ചു. ഇതിനെതുർന്ന് ഇന്നലെ (21.01.2026) പരാതിക്കാരൻ

വില്ലേജ് ഓഫീസറെ നേരിൽ കണ്ട സമയം വില്ലേജ് ഓഫീസർ വിഷ്ണു പരാതിക്കാരനിൽ നിന്നും നിർബന്ധിച്ച് 1,000/- രൂപ വാങ്ങിയെടുക്കുകയും, അടുത്ത ആഴ്ച ഓഫീസിൽ എത്താൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സർട്ടിഫിക്കേറ്റ് അത്യാവശ്യമാണെന്ന് പരാതിക്കാരൻ അറിയിച്ചതിനെതുടർന്ന്, നാളെ (22.01.2026) ശരിയാക്കി നൽകാമെന്നും അപ്പോൾ സന്തോഷത്തിനുള്ളത് ചെയ്യണമെന്നും, അതിനായി 2,000/- രൂപ നൽകണമെന്നും വിഷ്ണു പരാതിക്കാരനോട് പറഞ്ഞു. കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം കോട്ടയം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (22.01.2026) ഉച്ചക്ക് 02.30 മണിക്ക് പരാതിക്കാരനിൽ നിന്നും 2,000/- രൂപ കൈക്കൂലി വാങ്ങിയ ഇളംങ്ങുളം വില്ലേജ് ഓഫീസറും കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശിയുമായ വിഷ്ണു ഒ.എൻ.എസ് നെ ഇളംങ്ങുളം വില്ലേജ് ഓഫീസിൽ നിന്നും വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

അങ്കമാലിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഉടമയായ പരാതിക്കാരൻ സ്ഥാപനത്തിന്റെ ലേബർ ലൈസൻസ് പുതുക്കി ലഭിക്കുന്നതിന് അങ്കമാലി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ലേബർ ഓഫീസിൽ ഓൺലൈൻ മുഖാന്തിരം 31.12.2025 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാതിക്കാരൻ പല പ്രാവശ്യം ലേബർ ഓഫീസിൽ നേരിട്ടെത്തി അന്വേഷിച്ചെങ്കിലും ലേബർ ലൈസൻസ് പുതുക്കി ലഭിച്ചിരുന്നില്ല. തുടർന്ന് ഇന്ന് (22.01.2026) ലേബർ ഓഫീസിലെ ക്ലർക്കായ സുരാജ് പരാതിക്കാരന്റെ ഫോണിൽ വിളിച്ച് ലൈസൻസിന്റെ കാര്യം സംസാരിക്കുകയും, ലൈസൻസ് ശരിയാക്കി നൽകുന്നതിന് 1,500/- രൂപ കൈക്കൂലി നൽകണമെന്നും ആവശ്യപ്പെട്ടു. കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (22.01.2026) ഉച്ചക്ക് 03.00 മണിക്ക് പരാതിക്കാരനിൽ നിന്നും 1,500/- രൂപ കൈക്കൂലി വാങ്ങിയ അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസിലെ സീനിയർ ക്ലർക്കും, എറണാകുളം പുത്തൻകുരിശ് സ്വദേശിയുമായ സുരാജ് നാരായണനെ അങ്കമാലി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ലേബർ ഓഫീസിനുള്ളിൽ വച്ച് വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.